(ബി) എങ്കിൽ ഇത്തരത്തിൽ എത്രയെണ്ണമുണ്ടെന്ന് ജില്ലതിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന വെണ്ടുകൾ വ്യവസായം നടത്തുന്നവർക്കായി പുനഃക്രമീകരിച്ച് പുതിയ സംരംഭകർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സിഡ്കോയുടെ വെണ്ടുകൾ ഇങ്ങനെ തൈവാഗ വ്യവസായമായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യവസായ വകുപ്പിനെ സംബന്ധിച്ച വിവരം പരിശോധിച്ച് നൽകുന്നതാണ്.

വ്യവസായ വകുപ്പിൽനിന്നും സ്റ്റാർട്ട് അപ് സഹായം വാങ്ങിയ സംഘങ്ങൾ

211 (3365) <u>പ്രൊഫ. വി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദ്യാഭ്യാസവുമകുകളുടെ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ ഇപ്പോൾ രജിസ്റ്റർ ചെയ്ത സ്റ്റാർട്ട് അപ് സംരംഭങ്ങൾ ഏതൊക്കെയാണ് എന്നും അവയിൽ എത്ര യൂണിറ്റുകൾ ഉൽപ്പാദനം തുടങ്ങിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) ഈ യൂണിറ്റുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംരംഭങ്ങൾ ഇത്തരത്തിൽ തൊഴിൽ നൽകി തുടങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില വ്യവസായ യൂണിറ്റുകൾ ഇത്തരത്തിൽ തൊഴിൽ നൽകി വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. ഇവ പൊതുവായി വന്നിട്ടുള്ള വിവരം മാത്രമാണ്. യഥാർത്ഥ കണക്കുകൾ ലഭിച്ചിട്ടില്ല.

(ബി) വ്യക്തമായ യൂണിറ്റുകളുടെ വിവരം ലഭിക്കുന്ന മുറയ്ക്ക് വർക്കലയിൽ നിന്ന് ലഭിച്ച ധനസഹായം തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആണ്.

വ്യവസായ വകുപ്പിന്റെ ഡയറക്ടറേറ്റിലെ ഒഴിവുകൾ

212 (3366) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദ്യാഭ്യാസവുമകുകളുടെ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വ്യവസായ വകുപ്പിന്റെ ഡയറക്ടറേറ്റിൽ എൽ. ഡി. സി., എൽ. ജി. എസ്., എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലായി എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് വിശദമാക്കാമോ; ഇത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ;

(ബി) വരുന്ന ആറുമാസ കാലയളവിൽ പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൽ.ഡി.സി., എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ നിലവിൽ ഒഴിവുകളൊന്നുംതന്നെയില്ല. എൽ.ജി.എസ്. തസ്തികയിൽ മൂന്ന് ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) എൽ.ഡി.സി. തസ്തികയിൽ സ്വാഭാവികമായുണ്ടാകുന്ന വഴി 22 ഒഴിവുകൾ വരുമെന്ന് കണക്കാക്കിയിരിക്കുന്നു. എൽ.ജി.എസ്., എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഒഴിവുകൾ ഒന്നുംതന്നെ വരില്ല.

(സി) ഒഴിവുകൾ വരുന്നമുറയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

വ്യവസായ പ്ലോട്ടുകൾ

213 (3367) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിൽ കഴിഞ്ഞ 5 വർഷമായി ഉപയോഗിക്കാതെ കിടക്കുന്ന വ്യവസായ പ്ലോട്ടുകൾ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ ഉപയോഗിക്കാതെ കിടക്കുന്ന പ്ലോട്ടുകൾ ഒഴിപ്പിച്ച് പുതിയ സംരംഭകർക്ക് വ്യവസായം തുടങ്ങുവാൻ നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സിഡ്കോയുടെ കീഴിൽ കഴിഞ്ഞ അഞ്ച് വർഷമായി ഉപയോഗിക്കാതെ കിടക്കുന്ന വ്യവസായ പ്ലോട്ടുകൾ ഇല്ല. വ്യവസായ സംരംഭകർക്ക് അനുവദിച്ച് നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും ഉപയോഗിക്കാതെ കിടക്കുന്ന പ്ലോട്ടുകൾ ഒഴിപ്പിച്ച് പുതിയ സംരംഭകർക്ക് വ്യവസായം തുടങ്ങുവാൻ

LIBRARY ARCHIVES Kerala Legislative Assembly